**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 608** **23-02-2022 - ൽ മറുപടിയ്ക്ക്**

**കയർ ഉല്പന്നങ്ങളുടെ കയറ്റുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യുന്ന പ്രധാനപ്പെട്ട കയർ ഉല്പന്നങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | ചകിരിനാര്, കയർ യാൺ, ഹാൻഡ് ലൂം മാറ്റ്, പവർലൂം മാറ്റ്, ടഫ്റ്റഡ് മാറ്റ്, ഹാൻഡ് ലൂം മാറ്റിംഗ്, പവർലൂം മാറ്റിംഗ്, കയർ ജിയോ ടെക്സ്റ്റൈൽസ്, കയർ ചവിട്ടിമെത്ത പരവതാനികൾ, കയർ, പിരികയർ, റബ്ബറൈസ്ഡ് കയർ, കയർ പിത്ത്, സ്ക്രബറുകൾ, കയർ ഫെൻഡറുകൾ, കയർ ഫാൻസി ഐറ്റംസ് എന്നിവയാണ് ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യുന്ന പ്രധാനപ്പെട്ട കയർ ഉല്പന്നങ്ങൾ. |
| (ബി) | ഇതിൽ ഓരോന്നിലും കേരളത്തിന്റെ പങ്ക് വ്യക്തമാക്കാമോ; | (ബി) | കേരളത്തിൽ നിന്നും പരമ്പരാഗത ഉൽപ്പന്നങ്ങളായ ബിസി1 കയർ മാറ്റുകൾ, ബിസി20 കയർ മാറ്റുകൾ, പനാമ മാറ്റുകൾ എന്നിവ ആലപ്പുഴ, ചേർത്തല താലൂക്കുകളിലെ പ്രാഥമിക കയർ സഹകരണ സംഘങ്ങളിൽ ഉൾപ്പാദിപ്പിക്കുന്നത് ശേഖരിച്ചും, പിവിസി ടഫ്റ്റഡ് കയർ മാറ്റുകൾ, റബ്ബറൈസ്ഡ് മാറ്റുകൾ എന്നിവ നേരിട്ട് ഉത്പാദിപ്പിച്ചും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ കയറ്റുമതി ചെയ്യുന്നു. കയർ ഫെഡും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനും നിലവിൽ കയർ ഭൂവസ്ത്രം കയറ്റുമതി ചെയ്തു വരുന്നുണ്ട്. 2021-2022 വർഷത്തിൽ 3,37,37,112/- രൂപയുടെ റബ്ബർ മാറ്റുകളും 32,05,196/- രൂപയുടെ പനാമ മാറ്റുകളും 7,93,45,107/- രൂപയുടെ പിവിസി ടഫ്റ്റഡ് മാറ്റുകളും കയർ കോർപ്പറേഷൻ കയറ്റുമതി ചെയ്തിട്ടുണ്ട്. |
| (സി) | കയർ ജിയോ ടെക്സ്റ്റൈൽ, കയർ പിത്ത് തുടങ്ങിയ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിന് കയർഫെഡും കേരള കയർ വികസന കോർപ്പറേഷനും സ്വീകരിച്ച നടപടിയും കൈവരിച്ച നേട്ടവും വിശദീകരിക്കാമോ? | (സി) | കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ നിലവിൽ കയർ ജിയോ ടെക്സ്റ്റയിൽസ് കയറ്റുമതി ചെയ്യുന്നുണ്ട്. കയർ പിത്ത് കയറ്റുമതി ചെയ്യുന്നില്ല. കയർ ജിയോ ടെക്സ്റ്റയിൽസ് കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും കയർ പിത്ത് കയറ്റുമതി ചെയ്യുന്നതിനുമായി വിവിധ അന്താരാഷ്ട്ര എക്സിബിഷനുകളിൽ നേരിട്ടും ഓൺലൈനിലുമായി പങ്കെടുത്ത് കയറ്റുമതി ഓർഡർ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | | | 2019-2020 വർഷത്തിൽ 8,97,310/- രൂപയുടെയും 2020-2021 വർഷത്തിൽ 51,27,037/- രൂപയുടെയും 2021-2022 സാമ്പത്തിക വർഷത്തിൽ ഇതുവരെ 15,43,449/- രൂപയുടെയും കയർ ജിയോ-ടെക്സ്റ്റയിൽസ് കയറ്റുമതി ചെയ്തിട്ടുണ്ട്. കയർ ഫെഡ് നിലവിൽ കയർ പിത്ത് കയറ്റുമതി ചെയ്യുന്നില്ല. 2019-2020 വർഷം 25,86,494/- രൂപയുടെയും 2020-2021 വർഷം 55,01,521/- രൂപയുടെയും കയർ ഭൂവസ്ത്രം കയർഫെഡ് കയറ്റുമതി ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ